"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് -ജീവനക്കാര്യം - വനം വന്യജീവി വകുപ്പിൽ നിന്നും ജൂനിയർ സൂപ്രണ്ടായി വിരമിച്ച മുഹമ്മദ് കെ എ -യുടെ കുടുംബ പെൻഷൻ നോമിനിയായി ടിയാന്റെ മാനസിക വൈകല്യമുള്ള മകനെ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.287/2022/F&WLD തീയതി,തിരുവനന്തപുരം, 08-07-2022.

---

പരാമർശം:- ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 07.04.2022, 24.06.2022 എന്നീ തീയതികളിലെ എഫ്2 -1113/22 നമ്പർ കത്തുകൾ.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ, 31.08.1995-ൽ സേവനത്തിൽ നിന്നും ജൂനിയർ സൂപ്രണ്ടായി വിരമിച്ച മുഹമ്മദ്.കെ.എ.യുടെ കുടുംബ പെൻഷൻ നോമിനിയായി ഉൾപ്പെടുത്തിയിരുന്ന ഭാര്യ ശ്രീമതി.ആമിന.എ.വി, ടിയാളുടെ കാലശേഷം കുടുംബ പെൻഷൻ ടിയാന്റെ മാനസിക വൈകല്യമുള്ള മകൻ ശ്രീ.കെ.എം.റഷീദിന് ലഭിക്കുന്നതിനായി, ടിയാനെ നോമിനിയായി പെൻഷൻ ബുക്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം എന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും, പരാമർശിത കത്ത് പ്രകാരം, ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ സഹിതം സർക്കാരിന് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. വനം വന്യജീവി വകുപ്പിൽ 31.08.1995-ൽ സേവനത്തിൽ നിന്നും ജൂനിയർ സൂപ്രണ്ടായി വിരമിച്ച മുഹമ്മദ്.കെ.എ.യുടെ കുടുംബ പെൻഷൻ നോമിനിയായി ടിയാന്റെ മാനസിക വൈകല്യമുള്ള മകൻ ശ്രീ.കെ.എം.റഷീദിനെ പെൻഷൻ ബുക്കിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
ജോയിന്റ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീമതി.ആമിന.എ.വി, ( അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മുഖാന്തരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള ,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (09.05.2022 -ലെ 2062156 Agri-B2/186/2022-FIN പ്രകാരം).
വെബ്ബ് & ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Noushad S**
**Date: 12-07-2022 11:21:09**
സെക്ഷൻ ഓഫീസർ